QP CODE: 19101500

19101500

Reg No : .....................

Name : .....................

# B.A DEGREE (CBCS) EXAMINATION, MAY 2019

**Fourth Semester**

**Core Course - ML4CRT04 - കേരളസംസ്കാരം -ഉത്തരഘട്ടം**

(Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing, B.A Malayalam Language and Literature Model II Copy Writing )

2017 Admission onwards

380C0701

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. കാർഷികരംഗത്തെ വാണിജ്യവത്കരിക്കുന്നതിൽ ബ്രിട്ടീഷ്ഭരണകൂടം വഹിച്ച പങ്ക് വ്യക്തമാക്കുക
2. ചാന്നാർ കലാപം കേരളസമൂഹത്തിൽ ഉണ്ടാക്കിയ ചലനങ്ങളെപ്പറ്റി പ്രതിപാദിക്കുക
3. പതിവു കണക്ക് - കുറിപ്പെഴുതുക
4. മലയാളിമെമ്മോറിയലിനെപ്പറ്റി കുറിപ്പു തയ്യാറാക്കുക.
5. മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യകൃതിയ്ക്ക് ഒരാമുഖം തയ്യാറാക്കുക.
6. അയിത്തോച്ചാടന സമരങ്ങളിൽ മന്നത്ത് പത്മനാഭന്റെ പങ്ക് വിശകലനം ചെയ്യുക.
7. നിവർത്തനപ്രക്ഷോഭണത്തിന്റെ പശ്ചാത്തലം വിവരിക്കുക.
8. കയ്യൂർസമരത്തിന്റെ അനന്തരഫലങ്ങളെപ്പറ്റി പ്രതിപാദിക്കുക.
9. ഗ്രാമീണവായനശാലകളുടെ പ്രസക്തി വിശദമാക്കുക
10. കർഷകബന്ധബില്ല്- കുറിപ്പ് തയ്യാറാക്കുക.
11. സേവനമേഖലയുടെ വളർച്ചയ്ക്ക് അനുയോജ്യമായ പശ്ചാത്തലം കേരളത്തിൽ ഉണ്ടോ? ചർച്ച ചെയ്യുക.
12. ശാസ്ത്ര-സാഹിത്യപരിഷത്തിന്റെ രൂപീകരണലക്ഷ്യങ്ങളെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.

(10×2=20)

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. കേരളീയസമൂഹത്തിൽ നിലനിന്നിരുന്ന ജാതിബന്ധങ്ങളെ വൈദേശികാധിനിവേശം എങ്ങനെയാണ് സ്വാധീനിച്ചത്?

14. കേരളത്തിലെ ജാതിവ്യവസ്ഥയെ സ്ഥിരപ്പെടുത്തിയതിൽ നാടുവാഴിത്തം വഹിച്ച പങ്ക് പരിശോധിക്കുക

15. ജാതിവ്യവസ്ഥയ്ക്കെതിരായ മിഷനറിപ്രവർത്തനങ്ങളപ്പറ്റി പ്രതിപാദിക്കുക

16. "അയ്യങ്കാളിയുടെ ദീർഘവീക്ഷണവും നിശ്ചയദാർഢ്യവും സാധുജനപരിപാലന സംഘത്തെ കേരളചരിത്രത്തിലെ നാഴികക്കല്ലാക്കി മാറ്റി" - ഈ പ്രസ്താവന ചർച്ചചെയ്യുക.

17. മിഷനറിഗദ്യത്തെക്കുറിച്ച് വിവരിക്കുക.

18. പുരോഗമനസാഹിത്യപ്രസ്ഥാനം സാഹിത്യമേഖലയെ സ്വാധീനിച്ച വിധം ചർച്ച ചെയ്യുക.

19. മലയാളം അച്ചടിയുടെ ചരിത്രത്തിൽ വിദേശമിഷനറിമാർ വഹിച്ച പങ്കിനെപ്പറ്റി പ്രതിപാദിക്കുക.

20. ഗൾഫ് കുടിയേറ്റം കേരളത്തിൻറെ വ്യവസായമേഖലയിൽ ചെലുത്തിയ സ്വാധീനം വിശകലനം ചെയ്യുക.

21. സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിൽ നവമാധ്യമങ്ങൾക്കുള്ള സ്ഥാനം പരിശോധിക്കുക.

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. തോട്ടംകൃഷിയും മധ്യവർഗ്ഗത്തിന്റെ കടന്നുവരവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്ത് കേരളചരിത്രത്തിൽ അതുണ്ടാക്കിയ പ്രതിഫലനങ്ങൾ വ്യക്തമാക്കുക

23. വൈക്കം, ഗുരുവായൂർ, പാലിയം സത്യാഗ്രഹങ്ങളുടെ പ്രസക്തിയും അവ സമൂഹത്തിലുണ്ടാക്കിയ പരിവർത്തനങ്ങളും വിശകലനം ചെയ്യുക.

24. കേരളത്തിൽ അരങ്ങേറിയ ദേശീയസമരങ്ങളെ പരിചയപ്പെടുത്തി ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിൻറെ പ്രസക്തി വിലയിരുത്തുക.

25. ഉത്തരാധുനികതയുടെ സാഹിതീയവും സാംസ്കാരികവുമായ അർത്ഥതലങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

(2×15=30)